LIBRARY ARCHIVES Kerala Legislative Assembly

പാറത്തോട് പഞ്ചായത്തിലെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

110(5269) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പാറത്തോട് ഗ്രാമപഞ്ചായത്തിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആരംഭിക്കുന്നതിനായി കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് സ്ഥലം വാങ്ങി വ്യവസായ വകുപ്പിന് കൈമാറിയ സ്ഥലത്ത് ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് കോട്ടയം ജില്ലാ മിനി വ്യവസായ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 2 ഏക്കർ സ്ഥലം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത സ്ഥലം ടി സംഘത്തിന്റെ കൈവശത്തിലാണ്. നിർമ്മാണപ്രവർത്തനങ്ങൾ നടത്തുവാൻ നിയമാനുസൃതം 10 മീറ്റർ വീതി റോഡ് ആവശ്യമാണ്. നിലവിൽ ഇത് 4 മീറ്റർ ആണ്. എസ്റ്റേറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് ലാൻഡ് അക്വിസിഷൻ നടപടികളുടെ ഭാഗമായുള്ള സാമൂഹിക പ്രത്യാഘാത പഠനം പൂർത്തീകരിച്ച് ലഭിച്ച റിപ്പോർട്ടിന്മേൽ കോട്ടയം ജില്ലാ കളക്ടർ നിയോഗിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ലഭിക്കാനുണ്ട്. എസ്റ്റേറ്റ് നിർമ്മാണ പ്രവർത്തനം ഏറ്റെടുക്കുവാൻ കോട്ടയം ജില്ലാ മിനി വ്യവസായ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി സന്നദ്ധമാണ്. നിലവിൽ വ്യവസായം തുടങ്ങുവാൻ 70-ഓളം വ്യവസായ സംരംഭകർ താല്പര്യം അറിയിച്ചിട്ടുണ്ട്.

ഗുരുവായൂർ മണ്ഡലത്തിലെ വ്യവസായ വികസനം

111(5270) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ വ്യവസായ എസ്റ്റേറ്റുകളുടെയും മിനി വ്യവസായ യൂണിറ്റുകളുടെയും നവീകരണത്തിനായി ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിൽ വ്യവസായ വകുപ്പിനുകീഴിൽ വ്യവസായ എസ്റ്റേറ്റുകൾ പ്രവർത്തിക്കുന്നില്ല. തൃശ്ശൂർ ജില്ലാ മിനി വ്യവസായ സഹകരണ സംഘത്തിന്റെ കീഴിൽ ചാവക്കാട് ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പ്രവർത്തിച്ചുവരുന്നു. സംഘത്തിന്റെ ഉടമസ്ഥതയിലുള്ള ഷെഡ്ഡുകളിൽ അറ്റകുറ്റപ്പണികൾ ചെയ്തുനൽകുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിനും നടപടികൾ സ്വീകരിക്കാറുണ്ട്. പ്രവർത്തന വിപുലീകരണം,

LIBRARY ARCHIVES Kerala Legislative Assembly

വൈവിധ്യവത്കരണം, ആധുനികവത്കരണം തുടങ്ങിയവയ്ക്കാവശ്യമായ പദ്ധതി രേഖ തയ്യാറാക്കി നൽകുക, വായ്പ ലഭ്യമാക്കുക, അർഹമായ സബ്സിഡി അനുവദിച്ച് നൽകുക തുടങ്ങിയവ വകുപ്പ് മുഖാന്തരം നൽകിവരുന്നുണ്ട്.

(ബി) വ്യവസായ എസ്റ്റേറ്റുകളുടെ വിപുലീകരണത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിന് വകുപ്പിന് പദ്ധതിയുണ്ടോയെന്ന് അറിയിക്കുമോ; ഏതെല്ലാം വ്യവസായ എസ്റ്റേറ്റുകൾക്ക് സ്ഥലപരിമിതിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വ്യവസായ എസ്റ്റേറ്റുകളുടെ വിപുലീകരണത്തിന് അനുയോജ്യമായ സ്ഥലത്തിന്റെ അഭാവംമൂലം ബഹുനില വ്യവസായ സമുച്ചയം എന്ന ആശയം സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ആയതിന്റെ ഭാഗമായി തൃശ്ശൂർ പുഴയ്ക്കൽപ്പാടം വ്യവസായ എസ്റ്റേറ്റ്, ആലപ്പുഴ ജില്ലയിലെ അരൂർ വ്യവസായ എസ്റ്റേറ്റ് എന്നിവിടങ്ങളിലായി മൂന്ന് ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. എറണാകുളം ജില്ലയിലെ എടയാർ വ്യവസായ എസ്റ്റേറ്റിലെ ബഹുനില വ്യവസായ സമുച്ചയം പൂർത്തിയാക്കി സംരംഭകർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്.

നിലമ്പൂർ മണ്ഡലത്തിൽ വ്യവസായ എസ്റ്റേറ്റ്

112(5271) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തടി വ്യവസായത്തിന് കേൾവികേട്ട നിലമ്പൂർ നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ പദ്ധതികളൊന്നുമില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരമായി നിലമ്പൂർ നിയോജക മണ്ഡലത്തിൽ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ; ഇത്തരത്തിൽ ഒരു നിർദ്ദേശം വ്യവസായ വകുപ്പിന്റെ പരിഗണനയിലുണ്ടോ?

നിലമ്പൂർ മുനിസിപ്പാലിറ്റിയിൽപ്പെട്ട മമ്പാണിയിൽ 5 ഏക്കർ സ്ഥലത്ത് വ്യവസായ എസ്റ്റേറ്റ് നിലവിലുണ്ട്. മര ഫർണിച്ചർ ഉൾപ്പെടെയുള്ള 22 വ്യവസായ സംരംഭങ്ങൾ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. കേന്ദ്ര- സംസ്ഥാന സർക്കാരുകൾ വ്യവസായ വകുപ്പുവഴി നടപ്പിലാക്കുന്ന സൂക്ഷ്മ-ചെറുകിട വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നവർക്കുള്ള വായ്പ, സബ്സിഡി ഉൾപ്പെടെയുള്ള പദ്ധതികൾ നിലമ്പൂർ മണ്ഡലത്തിലെ സംരംഭകർക്കും ലഭ്യമാക്കിയിട്ടുണ്ട്. നിലമ്പൂർ മുനിസിപ്പാലിറ്റിയിൽ ചന്തക്കുന്ന് ആയുർവേദ ഹോസ്പിറ്റലിനടുത്ത് വ്യവസായ